
# Early Christian Communities of the St. Thomas Tradition in India
***Peter Kannampuzha (Editor)***




**ക്രി**സ്തുശിഷ്യനായ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനഫലമായി രൂപമെടുത്ത ആദിമ ക്രൈസ്തവസമൂഹങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഈടുറ്റ ലേഖനങ്ങളുടെ സമാഹരണമാണ് "**Early Christian Communities of the St. Thomas Tradition in India**". കാക്കനാട് മൗണ്ട് സെന്റ് തോമസിൽനിന്നും ലിറ്റർജിക്കൽ റിസെർച്ച് സെന്റർ (എൽ.ആർ.സി) പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം ഡോ. പീറ്റർ കണ്ണമ്പുഴയാണ് എഡിറ്റ് ചെയ്തിട്ടുള്ളത്. സീറോ മലബാർ സഭയുടെ ഗവേഷണകേന്ദ്രമായ എൽ.ആർ.സി. 2011 ജൂലൈ 29, 30, 31 തീയതികളിൽ "മാർത്തോമാ പൈതൃകവും ഭാരതത്തിലെ ആദിമ ക്രൈസ്തവസമൂഹങ്ങളും" എന്ന വിഷയത്തിൽ മുംബൈയിൽവച്ച് സംഘടിപ്പിച്ച സെമിനാറിലെ പ്രബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്.

തോമാശ്ലീഹായുടെ പൈതൃകം പേറുന്ന ആദിമക്രൈസ്തവസമൂഹങ്ങളെ സംബന്ധിച്ച ചരിത്രാന്വേഷണം കാലഗതിയിൽ ഇന്ത്യയിൽ പലയിടത്തും അന്യംനിന്നു പോയ ക്രൈസ്തവസമൂഹങ്ങളിലേക്കു മാത്രമല്ല വെളിച്ചം വീശുന്നത്. പിന്നെയോ, അഫ്ഗാനിസ്താനിലും പാക്കിസ്താനിലും വളരെയേറെക്കാലം ശക്തമായി നിലനിന്നിരുന്ന ക്രൈസ്തവപാരമ്പര്യത്തിലേക്കുള്ള സത്യാന്വേഷണത്തിന്റെ കിളിവാതിൽ തുറന്നിടുകയുംകൂടിയാണ് ഈ ഗ്രന്ഥം. ഉത്ഥിതനായ ഈശോയെ വഴിയും സത്യവും ജീവനുമായി സ്വീകരിച്ച് വിശ്വാസത്തിന്റെ കനലുകൾ ഉള്ളിൽ ആളിക്കത്തിച്ച വിശാല ഇന്ത്യയിലെ ആദിമക്രൈസ്തവരെക്കുറിച്ച് അറിയാനും പഠിക്കാനും ആഗ്രഹിക്കുന്ന പുതുതലമുറയ്ക്ക് ആവേശം പകരുന്നതാണ് ഈ ഗ്രന്ഥം.

ബൈബിൾ പണ്ഡിതനും സീറോ മലബാർ റിസെർച്ച് സെന്റർ അവാർഡ് ജേതാവുമായ മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ ഒന്നാം അധ്യായത്തിൽ വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ വെളിച്ചത്തിൽ തോമാശ്ലീഹായെ ഈശോമിശിഹായുടെ ജീവിതസാക്ഷിയായി വിശകലനം ചെയ്യുന്നു. മാർത്തോമാ പൈതൃകത്തെയും ഭാരതത്തിലെ ആദിമക്രൈസ്തവർക്കു ലഭിച്ച മിശിഹാ അനുഭവത്തെയും ഈ പഠനത്തിലൂടെ ലേഖകൻ അനാവരണം ചെയ്യുന്നു.

രണ്ടാം അധ്യായത്തിൽ ചരിത്രകാരനായ പ്രൊഫ. കെ.എസ്. മാത്യു തോമാശ്ലീഹായുടെ ആഗമനത്തിന്റെയും ദൗത്യത്തിന്റെയും ചരിത്രവസ്തുതകളും തെളിവുകളും പുനർവിശകലനം നടത്തുകയാണ്. ആദിമകൃതികളിലെ പരാമർശങ്ങൾ, നാണയപഠനം, എപ്പിഗ്രാഫിക് തെളിവുകൾ എന്നിങ്ങനെയുള്ള ശാസ്ത്രീയ വസ്തുതകളുടെ വെളിച്ചത്തിൽ തോമാശ്ലീഹായുടെ ഇന്ത്യയിലേക്കുള്ള വരവിനയും വിശാല ഇന്ത്യയിലെ ക്രൈസ്ത ഉത്പത്തിയെയും സംബന്ധിച്ച അന്വേഷണ വിമർശനാത്മക പഠനമാണിത്.



മൂന്നാം അധ്യായത്തിന്റെ രചയിതാവായ ചരിത്രഗവേഷകൻ പ്രൊഫ. പയസ് മലേക്കണ്ടത്തിൽ ആദ്യ നൂറ്റാണ്ടുകളിൽ ഈന്ത്യൻ ഉപഭൂഖണ്ഡപ്രദേശത്ത് ക്രൈസ്തവസന്ദേശം എത്തിച്ചേരുവാനും പടർന്നു വളരുവാനും ഇടയായ ചരിത്രപശ്ചാത്തലം വിശകലനം ചെയ്യുന്നു. ചെങ്കടൽ തീരത്തെ തുറമുഖങ്ങളും പശ്ചിമേന്ത്യൻ തുറമുഖങ്ങളുമായി പ്രാചീനകാലം മുതൽ നിലവിലിരുന്ന വ്യാപാരബന്ധത്തിന്റെ പശ്ചാത്തലത്തിലേക്കുമുള്ള ഗവേഷണവിവരങ്ങൾ നല്കുന്നു. ഇവയെല്ലാം ക്രൈസ്തവസന്ദേശത്തിന്റെ വ്യാപനത്തിന് എങ്ങനെ പശ്ചാത്തലമൊരുക്കിയെന്ന് ചരിത്രകാരന്റെ നിർമ്മമതയോടും വിമർശനബുദ്ധിയോടെയും അന്വേഷിക്കുകയാണ് ഇവിട ലേഖകൻ.

നാലാം അധ്യായത്തിൽ ഡോ.ജെയിംസ് കുരുകിലാംകാട്ട് ഇന്ത്യയിലെ തെക്കുപടിഞ്ഞാറും മധ്യപ്രദേശങ്ങളിലും നിലനിന്നിരുന്ന ക്രൈസ്തവസാന്നിദ്ധ്യവും അതിന്റെ അധഃപതനവും ശക്തമായ തെളിവുകളുടെ പിൻബലത്തോടെ പഠനവിധേയമാക്കുന്നു.



അഞ്ചാം അധ്യായത്തിൽ ഡോ. അബ്രാഹം കുന്നത്തോളി, ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ നിലനിന്നിരുന്ന ക്രൈസ്തവസമൂഹങ്ങളെക്കുറിച്ചും അവ അന്യനിന്നു പോകാൻ ഇടയായ സാഹചര്യങ്ങളെക്കുറിച്ചും ഇപ്പോഴും നിലനില്ക്കുന്ന ചില പാരമ്പര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. സീറോമലബാർ സഭയുടടെ മേജർ ആർച്ചുബിഷപ്പായ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ സഭാദിനസന്ദേശവും ആശംസയും ഈ ഗ്രന്ഥത്തിന്റെ കാലികപ്രസക്തിയിലേക്ക് വിരൽ ചൂണ്ടുന്നു. എൽ.ആർ.സി. ചെയർമാൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖവുരയും തൃശൂർ അതിരൂപതാ മെത്രാപ്പോലീത്തയും എൽ.ആർ.സി. മുൻ ചെയർമാനുമായ മാർ ആൻഡ്രൂസ് താഴത്തിന്റെ ആമുഖവും എൽ.ആർ.സി. എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴയുടെ അവതാരികയും പുസ്തകത്തിന്റെ ഗരിമയ്ക്ക് മാറ്റുകൂട്ടുന്നു. റവ. ഡോ. ജയിംസ് പുലിയുറുമ്പിലിന്റെ ചരിത്രപഠനത്തിന് സഹായകമായ ഗ്രന്ഥസൂചി ഈ ഗ്രന്ഥത്തെ മികവുറ്റതാക്കുന്നു. കൂടാതെ, കേരള ക്രൈസ്തവ ഉത്പത്തിയിലേക്ക് വെളിച്ചം വീശുന്ന ഒന്നാം നൂറ്റാണ്ടിലെ ഗ്രീക്ക് പാപ്പിറസിൽ വിരചിതമായ ഖരീതിയോൺ നാടകത്തിൽ തെക്കെ ഇന്ത്യയിലെ (കേരളത്തിലെ) ക്രിസ്തീയ സമൂഹം അർപ്പിക്കുന്ന ആഘോഷകർമ്മത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ആനുകാലികപഠനം വിശകലനം ചെയ്യുന്ന റവ. ഡോ. പീറ്റർ കണ്ണമ്പുഴയുടെ ലേഖനവും അനുബന്ധത്തിൽ നല്കിയിട്ടുള്ളത് ഈ പുസ്തകത്തെ ശ്രദ്ധേയമാക്കും.

കാഴ്ചയിലും കേൾവിയിലും വായനയിലും നൂറ്റാണ്ടുകളായി നിലനില്ക്കുന്ന ഒരു സമൂഹത്തിന്റെയോ ഒരു വസ്തുതയുടെയോ ചരിത്രയാഥാർത്ഥ്യത്തെ ആധുനിക, ശാസ്ത്രീയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായ തെളിവുകളുടെ അഭാവം ചൂണ്ടിക്കാണിച്ച് അവയുടെ അസ്തിത്വത്ത തീർത്തും നിരാകരിക്കുന്നത് യുക്തിയാണോ? അങ്ങനെയെങ്കിൽ പല മതസമൂഹങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും പൗരാണിക സ്മാരകങ്ങളുടെയും ഉറവിടത്തെക്കുറിച്ചുള്ള വാമൊഴികളും വരമൊഴികളും അവയുടെ നിലനില്പും ചോദ്യം ചെയ്യപ്പെടുകയില്ലേ? അവയുടെ പൂർവ്വകാലചരിത്രത്തെയും ഉത്ഭവത്തെയും നിഷേധിക്കാനായേക്കാമെങ്കിലും തേച്ചുമാച്ചു കളയുവാനാകില്ല. എങ്കിൽപ്പിന്നെ എന്തുകൊണ്ട് വിശാല ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ മാർത്തോമാശ്ലീഹായുടെ ദീർഘകാല ജീവിതവും ദൗത്യവും മൈലാപ്പൂരിലെ കബറിടവും രക്തസാക്ഷിത്വവും ആദിമ ക്രൈസ്തവസമൂഹങ്ങളുടെ രൂപീകരണവും വളർച്ചയും മാത്രം തെരഞ്ഞുപിടിച്ച് കണ്ണടച്ച് നിഷേധിക്കുന്നു. ഈ വിഷയത്തെ സങ്കല്പമായും കെട്ടുകഥയായും ചിത്രീകരിച്ചുകൊണ്ടുള്ള നിഷേധാത്മകസമീപനം ഇന്ത്യയിലെ ക്രൈസ്തവർക്ക്, മാർത്തോമാക്രിസ്ത്യാനികൾക്ക്, പ്രത്യേകിച്ച് സീറോമലബാർ സഭയ്ക്ക് അനുഗ്രഹമായി പരിണമിച്ചു എന്നുള്ളത് ഒരു വസ്തുതയാണ്. ഈ സമീപനം വിശാല ഇന്ത്യയിലെ ആദിമ ക്രൈസ്തവസമൂഹങ്ങളെക്കുറിച്ചും മാർത്തോമാശ്ലീഹായുടെ പൈതൃകം പേറുവാനുള്ള സാധ്യതകളെക്കുറിച്ചും ഗൗരവമായ പഠനം നടത്തുവാനുള്ള പ്രചോദനമായി മാറിയെന്നുള്ളത് നിസ്തർക്കമായ കാര്യമാണ്. ചരിത്രഗവേഷകർ ഇരുൾമൂടിക്കിടന്ന തെളിവുകളോരോന്നും കണ്ടെത്തി വസ്തുനിഷ്ഠമായി പഠിച്ചുകൊണ്ടിരിക്കുന്ന പ്രക്രിയ സ്വദേശത്തും വിദേശത്തുമുള്ള പണ്ഡിതരിൽ വർദ്ധിച്ചുവരുന്ന കാഴ്ചയാണുള്ളത്. അവിടവിടെയായി ചിതറിക്കിടക്കുന്ന ഒട്ടേറെ ചരിത്രവസ്തുതകളും രേഖകളും കണ്ടെത്തുകയും ശാസ്ത്രീയമായ സങ്കേതങ്ങളുടെ പിൻബലത്തോടെ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ ഒരർത്ഥത്തിൽ പഴമക്കാർ നല്കിയ വാമൊഴിക്ക് ഇത്രയേറെ തെളിവുകൾ ഉണ്ടെന്നുള്ളത് അത്ഭുതത്തോടെമാത്രമേ നോക്കിക്കാണുവാൻ കഴിയുകയുള്ളു. വിശാല ഇന്ത്യയിലെ തോമാശ്ലീഹായുടെ പ്രവർത്തനവും ആദിമ ക്രൈസ്തവസമൂഹങ്ങളെക്കുറിച്ചുള്ള പഠനവും അവസാനിക്കുന്നില്ല. എൽ.ആർ.സി. പബ്ലിക്കേഷൻസ് 26-ാം നമ്പറായി പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം കാക്കനാട് മൗണ്ട് സെന്റ് തോമസിലെ എൽ.ആർ.സി. ഓഫീസിൽനിന്നും ലഭ്യമാണ്. ഇനിയും കൂടുതൽ കൂടുതൽ ആർജ്ജവത്തോടെ മുന്നോട്ടുപോകാൻ കഴിയുമെന്നതിന്റെ ഏറ്റവും അടുത്ത സാക്ഷ്യപത്രമാണ് എൽ.ആർ.സി. പുറത്തിറക്കിയ ഈ ചരിത്രഗ്രന്ഥം.

പേജ്: 200, വില: 200. (ഇന്ത്യയിൽ)